''ഭരണഭാഷ - മാതൃഭാഷ''

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ജി1/6661/16

ചാക്ക, തിരുവനന്തപുരം
തീയതി: 25.05.2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2016 - രണ്ട്/നാല് സെമസ്റ്റർ (റഗുലർ) - അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികളുടെ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്താനുള്ള തീയതി ദീർഘിപ്പിച്ചത് - സംബന്ധിച്ച്.

സൂചന:- ജി1/6661/16(1), (2) നമ്പരായുള്ള 07-05-2016 ലെ വിജ്ഞാപനങ്ങൾ.

---------

ആഗസ്റ്റ് 2014 ൽ അഡ്മിഷനായ ട്രെയിനികളിൽ നിന്നും നാലാം സെമസ്റ്റർ (റഗുലർ) ആയും ആഗസ്റ്റ് 2015 ൽ അഡ്മിഷനായ ട്രെയിനികളിൽ നിന്നും രണ്ടാം സെമസ്റ്റർ (റഗുലർ) ആയും ജൂലൈ 2016 ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് സൂചന പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികളുടെ വിവരങ്ങൾ www.itdkerala.org എന്ന വെബ്സൈറ്റിൽ ഓൺലൈനായി രേഖപ്പെടുത്തണമെന്നും അപേക്ഷയും ഇത്തരത്തിൽ ഓൺലൈനായി രേഖപ്പെടുത്തിയതിന്റെ പ്രിന്റ് ഔട്ടും ടി വിജ്ഞാപനത്തിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് രേഖകളും 28-5-2016 നകം അതത് നോഡലിൽ എത്തിക്കാനാണ് നിർദ്ദേശം നൽകിയത്. എന്നാൽ അപേക്ഷകളുടെ ഓൺ ലൈൻ എൻട്രി സംവിധാനം 30-5-2016 ഓടുകൂടി മാത്രമേ പ്രവൃത്തന ക്ഷമമാവുകയുള്ളൂ. ആയതിനാൽ ട്രെയിനികളുടെ വിവരങ്ങൾ ഓൺലൈനായി 4-6-2016ന് വൈകുന്നേരം 5 മണിക്ക് മുമ്പ് അതത് സ്ഥാപന മേധാവികൾ രേഖപ്പെടുത്തേണ്ടതും അപേക്ഷയും മറ്റ് രേഖകളും 6-6-2016 ന് വൈകുന്നേരം 4 മണിക്ക് മുമ്പ് അതത് നോഡൽ ഐ.ടി.ഐ. കളിലും നോഡൽ പ്രിൻസിപ്പാൾ വിജ്ഞാപനങ്ങളിലെ നിർദ്ദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട രേഖകൾ 9-6-2016 ന് ഡയറക്ടറേറ്റിലും സമർപ്പിക്കേണ്ടതാണ്.

ഓൺലൈൻ എൻട്രി ചെയ്യുന്നതിന് ഇപ്പോൾ നൽകിയിട്ടുള്ള സമയം ഒരു കാരണവശാലും വീണ്ടും ദീർഘിപ്പിച്ച് നൽകുന്നതല്ല.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ./ എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ
ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/26.05